15. ശ്രീ. എം. കൃഷ്ണൻ നായർ, കിഴക്കേവീട്, ബാലരാമപുരം.

16. ശ്രീ. എം. വേലായുധൻ, വാറുവിളാകത്തുവീട്, കോട്ടുകാൽ, നെയ്യാറ്റിൻകര.

17. ശ്രീ. എൻ. സുകുമാരൻ നായർ, കുഞ്ചുവീട്, അരശുമൂട്, ആറ്റിപ്ര.

18. ശ്രീ. മാധവപ്പണിക്കർ, പണവിളാകത്തു ചിറയിൽ വീട്, കല്ലയം.

19. ശ്രീ. ഒ. തങ്കപ്പൻ, ജീവോദയം, സി.എസ്.ഐ. പള്ളിമുക്ക്, കല്ലയം.

20. ശ്രീ. എസ്.ജി. ഗോമസ്, ഫാസിക്കാ മന്ദിരം, ചിറയിൻകീഴ്.

(സി)&(ഡി) ശ്രീ. കുട്ടപ്പൻ നായർ നൽകിയ അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ജില്ലാ കളക്ടർ റിപ്പോർട്ട് നൽകുകയും ചെയ്തു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

31 (1624) ശിവഗിരി ഭരണം

ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിവഗിരി ഭരണം ഗവൺമെന്റ് ഏറ്റെടുത്തത് എന്നാണ്;

(ബി) എത്രകാലത്തേയ്ക്കാണ് ഭരണം ഏറ്റെടുത്തത്;

(സി) സന്യാസിമാരിൽനിന്നും തെരഞ്ഞെടുപ്പ് നടത്തി അവർക്ക് ഭരണം തിരിച്ചുകൊടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) അവിടെ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) 1997-ലെ ശിവഗിരി മഠം (അടിയന്തിര വ്യവസ്ഥകൾ) ഓർഡിനൻസ് പ്രകാരം 9-10-97 മുതൽ രണ്ട് വർഷത്തേയ്ക്കാണ് ശിവഗിരി ഭരണം സർക്കാർ ഏറ്റെടുത്തത്. ഏറ്റെടുക്കൽ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി നീട്ടിയിട്ടുണ്ട്.

(സി)&(ഡി) ട്രസ്റ്റ് ബോർഡിലേയ്ക്ക് എത്രയും വേഗം ഇലക്ഷൻ നടത്തി ഭരണം സന്യാസിമാർക്ക് കൈമാറുന്നതിനുവേണ്ടി, പ്രധാനമായും വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ, ഒരു ഉപദേശകസമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി ഇതിനകം തന്നെ വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റ് സർക്കാർ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുതവോട്ടേഴ്സ് ലിസ്റ്റ് അംഗീകാരത്തിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചിരിക്കുകയാണ്. ശിവഗിരിഭരണം ഏറ്റെടുത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള നാലു കേസ്സുകൾ അടിയന്തിരമായി തീർപ്പാക്കി കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. കേസ്സുകൾ തീർപ്പാക്കുകയും വോട്ടേഴ്സ് ലിസ്റ്റിന് അംഗീകാരം ലഭിക്കുകയും ചെയ്താലുടനെ തെരഞ്ഞെടുപ്പു നടത്തി തെരഞ്ഞെടുക്കപ്പെടുന്ന സന്യാസിമാരുടെ ഭരണസമിതിയ്ക്ക് ശിവഗിരി ഭരണം കൈമാറുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly